# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.114

07.06.2018-ൽ മറുപടിക്ക്

## ഓഖി ദുരിത ബാധിതർക്കുള്ള ധനസഹായ വിതരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി.സി.കെ.ആശ<br>ശ്രീ.സി.ദിവാകരൻ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ദുരിത ബാധിതർക്കുള്ള ധനസഹായ വിതരണം പൂർത്തിയായിട്ടുണ്ടോ; | (എ) | മരണമടഞ്ഞവർക്കും കാണാതായവർക്കുമുള്ള 20 ലക്ഷം രൂപ വീതമുള്ള ധനസഹായ വിതരണം പൂർത്തീകരിച്ചു. നഷ്ടപ്പെട്ട/ഭാഗികമായി കേടുപാടുകൾ സംഭവിച്ച മത്സ്യബന്ധന യാനങ്ങൾക്കുള്ള നഷ്ടപരിഹാര വിതരണം ഭാഗികമായി പൂർത്തീകരിച്ചു. 3.08 കോടി രൂപയുടെ നഷ്ടപരിഹാരം തിരുവനന്തപുരം ജില്ലയിൽ ഇതുവരെ ഇതിനായി വിതരണം ചെയ്തു. മറ്റ് ജില്ലകളിലെ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഓഖി ദുരന്തത്തിന് ശേഷം മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ഓഖി ദുരന്തത്തിനു ശേഷം മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഐ.എസ്.ആർ.ഒയുമായി ചേർന്ന് തീരത്തു നിന്നും 1500 കി.മീ വരെ അകലെ കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകാൻ കഴിയുന്ന 'നാവിക്' എന്ന ഉപകരണം വികസിപ്പിച്ചെടുത്ത് പരീക്ഷിച്ച് വിജയിച്ചിട്ടുണ്ട്. അത് കെൽട്രോണുമായി ചേർന്ന് വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് മത്സ്യബന്ധന യാനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഇൻകോയിസ് വഴിയുള്ള മുന്നറിയിപ്പുകൾ ലഭ്യമാക്കുന്നതിന് 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പരുകൾ ഇൻകോയിസിന് കൈമാറിയിട്ടുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ വേഗത്തിൽ കരയ്ക്ക് എത്തിച്ച് ചികിത്സ ലഭ്യമാക്കുന്നതിനും ജീവൻ രക്ഷിക്കുന്നതിനും സഹായകമായ മറൈൻ ആംബുലൻസ് 3 എണ്ണം വാങ്ങുന്നതിന് ഫിഷറീസ് ഡയറക്ടർ കൊച്ചിൻ ഷിപ്പ്യാർഡുമായി 2018 മെയ് 31 ന് ധാരണാപത്രം ഒപ്പു വച്ചു. 18 മാസം കൊണ്ട് പദ്ധതി പൂർത്തിയാക്കുമെന്ന് കൊച്ചിൻ ഷിപ്പ് യാർഡ് അധികൃതർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സഹായകമായ `സാഗര' എന്ന മൊബൈൽ ആപ്ലിക്കേഷൻ മെയ് 31 ന് ബഹു.മന്ത്രി ഉത്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് കടലിൽ ഉണ്ടാകുന്ന അപകടങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിന് സഹായകമായ ലൈഫ് ജാക്കറ്റ് വാങ്ങി നൽകുന്നതിനുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കാലാവസ്ഥാ മുന്നറിയിപ്പും അപകട സാധ്യതാ വിവരങ്ങളും മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന നൂതന സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ? | (സി) | കാലാവസ്ഥാ മുന്നറിയിപ്പും അപകട സാദ്ധ്യതാ വിവരങ്ങളും ഉപഗ്രഹ സഹായത്തോടെ മത്സ്യത്തൊഴിലാളികൾക്ക് 1500 കി.മീ അകലെ വരെ ലഭ്യമാക്കാനുതകുന്ന `നാവിക്' എന്ന ഉപകരണം ഐ.എസ്.ആർ.ഒ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് കെൽട്രോൺ വ്യാവസായികാടിസ്ഥാനത്തിൽ `നാവിക്' ഉപകരണങ്ങൾ നിർമ്മിച്ച് നൽകുന്നതാണ്. ഇതു കൂടാതെ എൻ.ഐ.സി വികസിപ്പിച്ചെടുത്തിട്ടുള്ള `സാഗര' എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റേയും അതിലെ തൊഴിലാളികളുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സാധിക്കും. അതിലൂടെ അപകട ഘട്ടങ്ങളിൽ കടലിൽ അകപ്പെട്ടു പോയ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ വേഗത്തിൽ കണ്ടുപിടിക്കുന്നതിനും രക്ഷാപ്രവർത്തനം നടത്തുന്നതിനും സാധിക്കും. |

**സെക്ഷൻ ഓഫീസർ**